"ഭരണഭാഷ ,മാതൃഭാഷ"

നമ്പർ: ക്യു3/ 100926/2016/കോ:വി:വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി: 30.08.2016
email: centralsectorscholarship@gmail.com

## പത്രക്കുറിപ്പ്

## 2016-17 അദ്ധ്യയന വർഷത്തെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് വിജ്ഞാപനം

2016 മാർച്ചിൽ ഹയർസെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ പാസായ വിദ്യാർത്ഥികൾക്ക് 2016-17 അദ്ധ്യയനവർഷത്തെ സെൻട്രർ സെക്ടർ സ്കോളർഷിപ്പ് ഫ്രഷിന് അപേക്ഷിക്കാവുന്നതാണ്. നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ "www.scholarships.gov.in" ൽ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റിസ് വിഭാഗങ്ങളിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ 20% വിദ്യാർത്ഥികൾക്കാണ് അപേക്ഷിക്കാൻ അർഹത. മൊത്തം സ്കോളർഷിപ്പുകളിൽ 27% ഒ.ബി.സി വിഭാഗത്തിനും, 15% എസ്.സി വിഭാഗത്തിനും, 7 1/2% എസ്.ടി വിഭാഗത്തിനുമായി നീക്കി വെച്ചിരിക്കുന്നു. ഓരോ വിഭാഗത്തിലും 3% സ്കോളർഷിപ്പുകൾ ഭിന്നശേഷിയുള്ളവർക്കായി നീക്കി വെച്ചിരിക്കുന്നു. മൊത്തം 5 വർഷമാണ് സ്കോളർഷിപ്പ് നൽകപ്പെടുന്നത്. ആദ്യത്തെ 3 വർഷം പ്രതിവർഷം 10,000/- (പതിനായിരം രൂപ വീതവും) നാലാമത്തെയും അഞ്ചാമത്തെയും വർഷം 20,000/- (ഇരുപതിനായിരം രൂപ വീതവുമാണ്) നൽകുന്നു. അപേക്ഷകർ നിർബന്ധമായും 2016 മാർച്ചിൽ തന്നെ ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായിരിക്കണം. പ്രായം 18നും 25നും മദ്ധ്യേയും രക്ഷകർത്താക്കളുടെ വാർഷികവരുമാനം ആറ് ലക്ഷം രൂപയിൽ താഴെയായിരിക്കണം. കൂടുകൽ വിവരങ്ങൾക്ക് "www.collegiateedu.kerala.gov.in" അല്ലെങ്കിൽ "www.dcescholarship.kerala.gov.in" എന്നീ വെബ്സൈറ്റുകൾ

സന്ദർശിക്കേണ്ടതാണ്. ബന്ധപ്പെടേണ്ട ഇ-മെയിൽ ഐഡി- centralsectorscholarship@gmail.com വിളിക്കേണ്ട നമ്പറുകൾ- 0471-2306580, 9446780308 9446096580. അപേക്ഷകർ നിർബന്ധമായും ആധാർ കാർഡ് കരസ്ഥമാക്കേണ്ടതും സ്വന്തം പേരിലുള്ള ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടതുമാണ്. അപേക്ഷിക്കുമ്പോൾ ഹയർ സെക്കൻഡറി മാർക്ക്ലിസ്റ്റിന്റെ അസ്സൽ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ഭിന്നശേഷിയുള്ളവരാണെങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ നാഷണൽ സ്കോളർഷിപ്പ് പോർട്ടലായ "www.scholarships.gov.in" എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

അപേക്ഷിക്കേണ്ട അവസാന തീയതി : 30.09.2016

അഡീഷണൽ ഡയറക്ടർ

ബി.എസ് 30.08.16